ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:01.09.2025

## പ്രധാനവാർത്തകൾ

1. മനുഷ്യരാശി നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ഭീകരതയെന്ന് ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. തീവ്രവാദത്തിനെതിരെ വ്യക്തവും ഏകീകൃതവുമായ സന്ദേശം നൽകി ടിയാൻജിൻ പ്രഖ്യാപനം.

2. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്.

3. "ശരിയായ പോഷകാഹാരം - ആരോഗ്യകരമായ ജീവിതം" എന്ന പ്രമേയവുമായി ദേശീയ പോഷകാഹാര വാരാചരണത്തിന് ഇന്ന് തുടക്കം.

4. ഓണക്കാലത്ത് സാധാരണക്കാർ അമിതമായി ചൂഷണം ചെയ്യപ്പെടാതിരിക്കാൻ സംസ്ഥാനത്ത് 2000 ത്തോളം കർഷക ചന്തകൾ ആരംഭിച്ചതായി മന്ത്രി പി പ്രസാദ്.

5. കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. തൃശൂർ ടൈറ്റൻസ് ആലപ്പി റിപ്പിൾസിനെയും കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊല്ലം സെയിലേഴ്സിനേയും നേരിടും.

RNUTVPM

&&&&&&&&&&&&&&&&&&&

## SCO പ്രഖ്യാപനം

തീവ്രവാദത്തിനെതിരെ വ്യക്തവും ഏകീകൃതവുമായ സന്ദേശം നൽകി ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടി. പ്രാദേശിക സഹകരണത്തിനും നവീനാശയങ്ങൾക്കുമായി ഇന്ത്യ നൽകുന്ന സംഭാവനകളെ ഉച്ചകോടിക്ക് ശേഷം പുറത്തിറക്കിയ ടിയാൻജിൻ പ്രഖ്യാപനത്തിൽ അംഗീകരിച്ചു. 2025 ഏപ്രിൽ 22-ന് പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ അംഗരാജ്യങ്ങൾ ശക്തമായി അപലപിച്ചു. ഇന്ത്യയുടെ "ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി" എന്ന ആഗോള ദർശനത്തെയും പ്രഖ്യാപനം പ്രശംസിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി-ചൈന ( ഇൻട്രോ )

മനുഷ്യരാശി നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ഭീകരതയെന്നും എല്ലാത്തരം ഭീകരതയെയും പ്രതിരോധിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ചൈനയിലെ ടിയാൻജിനിൽ ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയുടെ പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരതയെക്കുറിച്ചുള്ള ഇരട്ടത്താപ്പ്

അംഗീകരിക്കാനാവില്ലെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിൽ ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ച രാജ്യങ്ങൾക്ക് ശ്രീ മോദി നന്ദി പറഞ്ഞു. ഷാങ്ഹായ് സഹകരണ സംഘടനയെക്കുറിച്ചുള്ള ഇന്ത്യയുടെ കാഴ്ചപ്പാടും നയവും പ്രധാനമായും സുരക്ഷ, കണക്റ്റിവിറ്റി, അവസരം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണെന്നും പ്രധാന മന്ത്രി പറഞ്ഞു.

( വോയിസ്..... )

&&&&&&&&&&&&&&&&&&

**അമീബിക്**

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് ചികിത്സയിലിരുന്ന രണ്ടു പേർ മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരുന്ന മൂന്ന് മാസം പ്രായമുള്ള കുഞ്ഞും ഒരു സ്ത്രീയുമാണ് മരിച്ചത്. ഈ വർഷം ഇതുവരെ 3 പേരാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചത്.

&&&&&&&&&&&&&&&&&&

**അമീബിക് ജ്വരം – പ്രതിരോധം**

അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച് കേരളത്തിൽ കൃത്യമായ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിട്ടുള്ളതായി

RNU TVPM

ആരോഗ്യമന്ത്രി വീണ ജോർജ്. PCR പരിശോധനയ്ക്കുള്ള സൗകര്യങ്ങളും ഇന്ന് സംസ്ഥാനത്തുണ്ടെന്ന് കോഴിക്കോട് നടന്ന ഒരു ഹെൽത്ത് കോൺക്ലേവിൽ മന്ത്രി പറഞ്ഞു. മസ്തിഷ്ക ജ്വരത്തിൻ്റെ ലക്ഷണങ്ങളുള്ള എല്ലാ രോഗികളിലും അമീബയുടെ സാധ്യത കൂടി പരിഗണിക്കണമെന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗത്തിലെ ഡോ: ഷമീർ വി കെ വ്യക്തമാക്കി. നേരത്തെ കണ്ടെത്തി കൃത്യമായി ചികിത്സ ആരംഭിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## വി. ശിവൻകുട്ടി

വിദ്യാഭ്യാസ നിലവാരത്തിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ യുഡയസ് പ്ലസ് റിപ്പോർട്ടിൽ കേരളം മുൻപന്തിയിലെത്തിയതായി അദ്ദേഹം അറിയിച്ചു. 2024-25 അക്കാദമിക വർഷത്തിൽ ദേശീയ ശരാശരിയേക്കാളും മികച്ച പ്രകടനമാണ് കേരളം കാഴ്ചവെച്ചതെന്ന് കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ അഭിയാന്റെ റിപ്പോർട്ടിൽ പറയുന്നു. അക്കാദമിക നിലവാരം, വിദ്യാർത്ഥികളുടെ പഠന തുടർച്ച, അടിസ്ഥാന സൗകര്യങ്ങൾ, ലിംഗസമത്വം തുടങ്ങിയ മേഖലകളിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെന്നും മന്ത്രി പറഞ്ഞു.

RIJUTVPM

&&&&&&&&&&&&&&&&&&

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിന് ഈ മാസം 15 ന് തുടക്കമാകും. ഒക്ടോബർ 10 വരെ 12 ദിവസം സഭ സമ്മേളിക്കും. ആദ്യ ദിനം, അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, വാഴൂർ സോമൻ MLA എന്നിവർക്ക് അനുശോചനം അർപ്പിച്ച് സഭ പിരിയും. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിന്മേലുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും, ധന വിനിയോഗ ബില്ലുമാണ് സമ്മേളനത്തിലെ പ്രധാന അജണ്ടകൾ.

RNUTVPM

&&&&&&&&&&&&&&&&&&

## പോഷകാഹാര വാരാചരണം

ദേശീയ പോഷകാഹാര വാരാചരണത്തിന് ഇന്ന് തുടക്കം. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതും ആരോഗ്യകരമായ ജീവിതശൈലിയുടെയും പോഷകാഹാരത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതും ലക്ഷ്യമിട്ടാണ് വാരാചരണം സംഘടിപ്പിക്കുന്നത്. എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ 7 വരെയാണ് വാരാചരണം. "ശരിയായ പോഷകാഹാരം - ആരോഗ്യകരമായ ജീവിതം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&

## തിരുവനന്തപുരം മെഡിക്കൽ കോളേജ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 180 ലധികം കോടി രൂപയുടെ 15 പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. 98.79 കോടി രൂപയുടെ പൂർത്തീകരിച്ച പദ്ധതികളും 81.50 കോടി രൂപയുടെ പദ്ധതികളുടെ നിർമ്മാണ ഉദ്ഘാടനവുമാണ് നിർവഹിക്കുന്നത്. ചടങ്ങിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 717.29 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## മന്ത്രി പി പ്രസാദ്

ഓണക്കാലത്ത് സാധാരണക്കാർ അമിതമായി ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ഇത്തവണ 2000 ത്തോളം കർഷക ചന്തകൾ സംസ്ഥാനത്ത് പ്രവർത്തിക്കുമെന്ന് മന്ത്രി പി പ്രസാദ്. കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കാർഷിക ഉൽപ്പന്നങ്ങളും മൂല്യവർധിത ഉൽപ്പന്നങ്ങളും സ്ഥിരമായി വിൽക്കാൻ

കഴിയുന്ന കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**റേഷൻകട**

സംസ്ഥാനത്ത് നാളെ മുതൽ സെപ്റ്റംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കും. സ്റ്റോക്കെടുപ്പ് കണക്കിലെടുത്ത് ഇന്ന് റേഷൻകടകൾ അവധിയാണ്. ഒന്നാം ഓണ ദിവസമായ വ്യാഴാഴ്ചയും റേഷൻകടകൾ പ്രവർത്തിക്കുന്നതായിരിക്കും.

&&&&&&&&&&&&&&&&&&

RNU TVPM

**ഓണം പൂക്കളം ( ഇൻട്രോ )**

ഓണക്കാലത്ത് നാടെങ്ങും അത്തം മുതൽ തിരുവോണം വരെ പൂക്കളമൊരുക്കുമ്പോൾ വർഷം മുഴുവൻ പൂക്കളമിടുന്ന വ്യത്യസ്തമായ പാരമ്പര്യമാണ് ഉത്തര കേരളത്തിലെ ചില ഭവനങ്ങളിൽ ഉള്ളത്. നാടൻ പൂക്കൾ ഉപയോഗിച്ച് രാവിലെ പൂക്കളം തീർത്തതിനുശേഷമാണ് ഇവിടെ ദിനചര്യകൾ ആരംഭിക്കുന്നത്. **കോഴിക്കോട് നിന്നും ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.... ( വോയിസ്.... )**

&&&&&&&&&&&&&&&&&&

## ശബരിമല - ഓണം

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ചിനു തുറക്കും. വെള്ളിയാഴ്ച തിരുവോണ പൂജകൾ നടക്കും. അന്ന് ഓണസദ്യയും ഉണ്ടാകും. ഓണം പൂജകൾ പൂർത്തിയാക്കി ഈ മാസം ഏഴിന് രാത്രി 10 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

## കാട്ടൂർ ക്ഷേത്രം

ആറന്മുള ശ്രീ പാർത്ഥസാരഥിക്ക് ഓണ നിവേദ്യത്തിനുള്ള അരിക്കായി കാട്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ നെല്ല് കുത്തുന്ന ചടങ്ങുകൾ ആരംഭിച്ചു. ഇവിടെ തയ്യാറാക്കുന്ന അരി കാട്ടൂർ ഭട്ടതിരി, തിരുവോണ തോണിയിൽ ആറൻമുള ക്ഷേത്രത്തിൽ എത്തിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## മന്ത്രി പി എ മുഹമ്മദ് റിയാസ്

കോഴിക്കോട് ജില്ലാ ഓണാഘോഷം മന്ത്രി പി എ മുഹമ്മദ് റിയാസ് ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് ബീച്ചിലെ ഫ്രീഡം സ്ക്വയറിൽ നടക്കുന്ന ചടങ്ങിൽ, മന്ത്രി എ കെ ശശീന്ദ്രൻ, മേയർ ബീന ഫിലിപ്പ് തുടങ്ങിയവർ പങ്കെടുക്കും. ഈ മാസം ഏഴ് വരെ ജില്ലയിലെ ഒമ്പത് വേദികളിലായാണ് പരിപാടികൾ. സർഗാലയിലെ പ്രവേശന

ഫീസ് ഒഴികെ എല്ലാ വേദികളിലും പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&&

**കെ.എസ്.ആർ.ടി.സി-ഇടുക്കി-(ഇൻട്രോ)**

ഓണക്കാലത്ത് മൂന്നാറിലെ കാഴ്ചകൾ ആസ്വദിക്കാൻ സഞ്ചാരികൾക്ക് അവസരമൊരുക്കി കെ.എസ്.ആർ.ടി.സി. വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. പുതിയ ഉല്ലാസയാത്രാ സർവ്വീസുകൾ ആരംഭിച്ചു.

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.............***

***(വോയിസ്)***

RNU TVPM

&&&&&&&&&&&&&&&&&&

**ശുചിത്വ പൂക്കളം**

ഹരിത ഓണം എന്ന ആശയം മുൻനിർത്തി ശുചിത്വ മിഷൻ സംഘടിപ്പിക്കുന്ന പൂക്കളം മത്സരത്തിന് ഇന്ന് തുടക്കം. 'മാലിന്യമുക്തം നവകേരളം' എന്ന വിഷയത്തിലാണ് ശുചിത്വ പൂക്കളം നിർമ്മിക്കേണ്ടത്. ഈ മാസം 7-നകം പൂക്കളത്തിന്റെ വ്യക്തമായ ചിത്രം സഹിതം, onampookalam2025@gmail.com എന്ന ഇ-മെയിൽ

വിലാസത്തിൽ അയക്കണം. വിശദവിവരങ്ങൾക്ക് ശുചിത്വ മിഷൻ വെബ്സൈറ്റ്, സമൂഹ മാധ്യമ പേജുകൾ എന്നിവ സന്ദർശിക്കുക.

&&&&&&&&&&&&&&&&&&

**കേരള ക്രിക്കറ്റ് ലീഗ്**

തിരുവനന്തപുരം കാര്യവട്ടം സ്റ്റേഡിയത്തിൽ നടക്കുന്ന കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് 2.30 ന് തൃശൂർ ടൈറ്റൻസ് ആലപ്പി റിപ്പിൾസിനെ നേരിടും. വൈകുന്നേരം 6.45 ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, കൊല്ലം സെയിലേഴ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

RNU TVPM

**കാലാവസ്ഥ-ഐഎംഡി**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കർണാടക തീരത്ത് നാളെ മുതൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**ഓഹരി, സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 412 പോയിന്റ് ഉയർന്ന് 80,225 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 144 പോയിന്റ് നേട്ടത്തിൽ 24,572 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. പവന് 680 രൂപ വർധിച്ച് 77,640 രൂപയും ഗ്രാമിന് 9,705 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&&&&&&**

**&&&&&&&**

**&&&&&&**

**&&&&**

**&&&**

**&&**

**&**

RNU TVPM